തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# അനധികൃതമായി വിദേശമദ്യം കടത്തിയ യുവാവ് പിടിയിൽ

## നിരവധി കേസുകളിലുൾപ്പെട്ട പ്രതിയെ ഗുണ്ടാ ആക്ട് പ്രകാരം നാടുകടത്തി

കോവിഡ്-19

## വിലക്ക് ലംഘനം: 124 പേർക്കെതിരെ നിയമനടപടി 21,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം :- വിഴിഞ്ഞത്ത് അനധികൃത വിദേശമദ്യം കടത്തിയ യുവാവ് പിടിയിലായതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കരിങ്കുളം പുതിയതുറ ദേശത്ത് ചെക്കിട്ടവിളാകം വീട്ടിൽ ലിജിൻ @ ഉണ്ണി (23)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ സ്കൂട്ടറിൽ മദ്യം കടത്തുന്നതായി വിഴിഞ്ഞം എസ്.എച്ച്.ഒ-യ്ക്ക് കിട്ടിയ രഹസ്യവിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് പുന്നക്കുളം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിന് സമീപം ബൈപ്പാസ് റോഡിൽ നിന്നുമാണ് അളവിൽ കൂടിയ നിലയിൽ മദ്യവുമായി പ്രതി പിടിയിലായത്.


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
ലിജിൻ @ ഉണ്ണി (23)

ബിവറേജസിൽ നിന്നും വാങ്ങുന്ന മദ്യം കടപ്പുറം ഭാഗങ്ങളിൽ കൂടിയ വിലയ്ക്ക് വിൽപന നടത്തുന്നതാണ് ഇയാളുടെ രീതി. വിഴിഞ്ഞം എസ്.എച്ച്.ഒ എസ്.ബി.പ്രവീൺ, എസ്.ഐ തിങ്കൾ

ഗോപകുമാർ, എ.എസ്.ഐ സേവ്യർ കുലാസ്, എസ്.സി.പി.ഒ സജൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## നിരവധി കേസുകളിലുൾപ്പെട്ട പ്രതിയെ ഗുണ്ടാ ആക്ട് പ്രകാരം നാടുകടത്തി

തിരുവനന്തപുരം :- തുമ്പ പോലീസ് സ്റ്റേഷൻ പരിധിയിൽ നിരവധി കേസുകളിലുൾപ്പെട്ട പ്രതിയെ ഗുണ്ടാ ആക്ട് പ്രകാരം നാടുകടത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റിപ്ര വില്ലേജിൽ കുളത്തൂർ, പൗണ്ട്കടവ് വാർഡിൽ മുറിയൻവിളാകത്ത് വീട്ടിൽ സിബി @ ഷിബി (34)-നെയാണ് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ഗുണ്ടാ ആക്ട് പ്രകാരം 6 മാസക്കാലയളവിലേയ്ക്ക് സിറ്റി പോലീസ് മേധാവിയുടെ അധികാര പരിധിയിൽ പ്രവേശിക്കുന്നതിന് വിലക്കേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. സിറ്റിയിലെ വിവിധ സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട ഇയാൾ 2020-ൽ കുഞ്ചാലുംമൂട് സ്വദേശിയെ ബോംബ് എറിഞ്ഞ് പരിക്കേൽപ്പിച്ച കേസ്സിലും, സ്റ്റേഷൻകടവ് സ്വദേശിയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലും, പൗണ്ട്കടവ് സ്വദേശിയെ ദേഹോപദ്രവമേൽപ്പിച്ച കേസ്സിലും പ്രതിയായയതിനെ തുടർന്ന് തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ. ദിവ്യ. വി. ഗോപിനാഥ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്



ഗുണ്ടാ ആക്ട് പ്രകാരം നാടുകടത്തിയ
തുമ്പ സ്റ്റേഷൻ പരിധിയിലെ സിബി @ ഷിബി (34)

സിറ്റി പോലീസ് കമ്മീഷണർ ഐ.ജി.പി ബൽറാംകുമാർ ഉപാദ്ധ്യായ ഇയാളെ നാടുകടത്തിയത്. നാടുകടത്തപ്പെട്ട 6 മാസക്കാലയളവിനുള്ളിൽ ഇയാൾ തിരുവനന്തപുരം സിറ്റി പോലീസ് അതിർത്തിയിൽ പ്രവേശിച്ചാൽ ഇയാൾക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (16.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 124 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 16 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 101 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 21,600/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കുമെതിരെ ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
16-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി